പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **2305** 18.06.2014-ൽ മറുപടിക്ക്

**സമഗ്ര ജീവിത ശൈലി**
**രോഗ നിയന്ത്രണ ബോധന പദ്ധതി**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ. അച്ചുതൻ :<br>,, ബെന്നി ബെഹനാൻ :<br>,, റ്റി. എൻ. പ്രതാപൻ :<br>,, എം. എ. വാഹീദ് : | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) സമഗ്ര ജീവിതശൈലി രോഗ നിയന്ത്രണ ബോധന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ ; | (എ) | ഉണ്ട്. ജീവിതശൈലീരോഗ നിയന്ത്രണ പദ്ധതിയായ 'അമൃതം ആരോഗ്യം' നിലവിൽ വന്ന ശേഷം പ്രമേഹവും, രക്താദിസമ്മർദ്ദവും ബാധിച്ച ലക്ഷക്കണക്കിന് ജനങ്ങളെ (30 വയസ്സിന് മുകളിൽ പ്രായമുള്ളവർ) കണ്ടെത്തുകയുണ്ടായി. ഇവർക്കുള്ള ബോധവത്ക്കരണവും, തുടർ ചികിത്സയും പദ്ധതിയുടെ ഭാഗമായി നടക്കുന്നുണ്ടെങ്കിലും, ഈ വിപത്തിന്റെ നിരക്ക് കുറയ്ക്കണമെങ്കിൽ, ഇതിനെതിരെയുള്ള പ്രതിരോധ പ്രവർത്തനം കുട്ടികളിൽ നിന്നു തന്നെ ആരംഭിക്കണം എന്ന ബോധ്യപ്പെടലിന്റെ അടിസ്ഥാനത്തിലാണ് സ്കൂൾ കുട്ടികൾക്കായി സമഗ്ര ജീവിതശൈലി രോഗ നിയന്ത്രണ ബോധന പദ്ധതിയ്ക്ക് (LEAP) തുടക്കമിട്ടത്. (Life Style Education and Awareness Programme). |
| (ബി) പ്രസ്തുത പദ്ധതി മുഖേന എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത് ; വ്യക്തമാക്കാമോ ;<br><br>(സി) എന്തെല്ലാം ബോധവൽക്കരണ പരിപാടികളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദമാക്കാമോ ; | (ബി)<br><br>(സി) | സ്കൂൾ കുട്ടികളിൽ ഫാസ്റ്റ് ഫുഡ് സംസ്കാരം വളരുന്നതിനാലും, കായിക അദ്ധ്വാനം കുറയുന്നതിനാലും, മാനസിക സമ്മർദ്ദങ്ങൾ ഏറുന്നതിനാലും ജീവിതശൈലീ രോഗങ്ങൾ വർദ്ധിക്കുന്നതായിട്ടാണ് പല പഠനങ്ങളും തെളിയിക്കുന്നത്. ഇത് നിയന്ത്രിക്കുന്നതിനും, കുട്ടികൾക്കും അദ്ധ്യാപകർക്കും ആരോഗ്യ ബോധവത്ക്കരണം നടത്തുക എന്നതാണ് പദ്ധതിയുടെ പ്രധാന ഉദ്ദേശ്യലക്ഷ്യം. ശരിയായ ഭക്ഷണ രീതി, ചിട്ടയായ വ്യായാമം, പുകവലി, മദ്യപാനം തുടങ്ങിയ ശീലങ്ങളിൽ നിന്നുള്ള മുക്തി എന്നീ വിഷയങ്ങളിൽ ബോധവത്കരണം സ്കൂളുകളിൽ നിയമിച്ചിട്ടുള്ള സ്കൂൾ ഹെൽത്ത് നഴ്സ് വഴി |

(.....2)

| | |
|---|---|
| | നടപ്പിലാക്കുന്നതിനും, വിശ്രമത്തിനും വ്യായാമത്തിനും സ്കൂൾ അധികൃതരേയും അദ്ധ്യാപക-രക്ഷാകർത്ത സംഘടനകളെ പ്രോത്സാഹിപ്പിക്കുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു. കൂടാതെ വൈദ്യ പരിശോധന നടത്തി രോഗ സാധ്യതയുള്ള കുട്ടികളെ കണ്ടെത്തുന്നതിനും, ചികിത്സിക്കുന്നതിനും പദ്ധതി വിഭാവനം ചെയ്യുന്നു. |
| (ഡി) എന്തെല്ലാം കേന്ദ്ര സഹായമാണ് പദ്ധതി നടത്തിപ്പിനായി ലഭിക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ? | (ഡി) ഈ പദ്ധതിയ്ക്ക് കേന്ദ്ര സഹായമൊന്നും ലഭിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ